**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 338** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ഹോട്ടൽ റെയ്ഡ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എൻ. ബാലഗോപാൽ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** കൊച്ചിയിലെ ചേരാനല്ലൂരിലെ ഒരു ഹോട്ടലിൽ ജൂൺ അഞ്ചിന് റെയ്ഡ് നടത്തി എക്സൈസ് ഉദ്യോഗസ്ഥർ എം.ഡി.എം.എ. പിടികൂടിയ സംഭവത്തിൽ സാക്ഷിയായ യുവതി എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ പോലീസിൽ പരാതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ശ്രീമതി രമ്യ.എസ് മാനേജരായി ജോലി ചെയ്യുന്ന 0088 Stay Inn, Edappally, Ernakulam എന്ന ഹോട്ടലിൽ 05/06/2026 പുലർച്ചെ 03.00 മണിക്ക് എറണാകുളം കച്ചേരിപ്പടിയിലുള്ള എക്സൈസ് ഓഫീസിൽ നിന്നുള്ള ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും ടി സ്ഥാപനത്തിൽ ഓൺലൈനായി മുറി ബുക്ക് ചെയ്ത് താമസിച്ചിരുന്ന യുവതീയുവാക്കളിൽ നിന്നും MDMA കണ്ടെത്തുകയും തുടർന്ന് ടി സ്ഥാപനത്തിന്റെ ഉടമസ്ഥൻ സ്ഥലത്തില്ലാതിരുന്നതിനാൽ ടി സ്ഥാപനത്തിൽ മാനേജരായി ജോലി ചെയ്യുന്ന ശ്രീമതി രമ്യ സെർച്ചിന് സാക്ഷ്യം വഹിക്കുകയും എക്സൈസ് തയ്യാറാക്കിയ രേഖകളിൽ സാക്ഷിയായി ഒപ്പിട്ടു കൊടുക്കുകയും ചെയ്തു. ഈ നടപടികളുടെ വീഡിയോ എക്സൈസ് ഉദ്യോഗസ്ഥർ ഫോണിൽ റെക്കോർഡ് ചെയ്യുകയും തുടർന്ന് സാമൂഹിക മാധ്യമങ്ങളിലും വാർത്താ ചാനലുകളിലും സാക്ഷിയായ രമ്യ പ്രതിയാണെന്ന രീതിയിൽ ദൃശ്യങ്ങൾ പ്രചരിക്കുകയും ചെയ്തു. ഇതു കണ്ട രമ്യയുടെ ബന്ധുക്കളും പരിചയക്കാരും വിളിച്ച് ടിയാൾ പ്രതിയാണെന്ന രീതിയിൽ സംസാരിച്ചത് വളരെയേറെ മാനസിക ബുദ്ധിമുട്ട് ഉണ്ടാക്കിയെന്നും എക്സൈസ് ഉദ്യോഗസ്ഥരോട് പരാതി പറഞ്ഞുവെങ്കിലും ഈ കാര്യത്തിൽ ഇനി ഒന്നും ചെയ്യാനില്ല എന്ന് അറിയിച്ചുവെന്നും, സാമൂഹ്യമാധ്യമങ്ങളിൽ പ്രചരിക്കുന്ന വീഡിയോ നീക്കം ചെയ്ത് സഹായിക്കണമെന്നും ആവശ്യപ്പെട്ട് കൊച്ചി സിറ്റി പൊലീസ് കമ്മീഷണർക്ക് 06.06.2026 -ൽ ശ്രീമതി രമ്യ ഒരു പരാതി നൽകിയിട്ടുള്ളതുമാണ്.

**(ബി)** പ്രസ്തുത പരാതിയിൽ പോലീസ് എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** പരാതി പരിഗണിച്ച കൊച്ചി സിറ്റി DCP L&O II എത്രയും പെട്ടെന്ന് ബന്ധപ്പെട്ട പ്രസ്തുത വീഡിയോ സമൂഹ മാധ്യമങ്ങളിൽ നിന്നും നീക്കം ചെയ്യുന്നതിനായി സ്പെഷ്യൽ ബ്രാഞ്ചിന് നിർദ്ദേശം നൽകുകയും ഉടൻതന്നെ പരാതിക്കാരിയുടെ സാന്നിദ്ധ്യത്തിൽ മാധ്യമസ്ഥാപനങ്ങളെ ഫോണിൽ വിളിച്ച് എക്സൈസ് കൊടുത്ത വാർത്ത തെറ്റാണെന്നും, ടി വാർത്ത പിൻവലിച്ച് തിരുത്തൽ വാർത്ത കൊടുക്കുന്നതിന് നിർദ്ദേശിക്കുകയും, പ്രസ്തുത വീഡിയോ ഫൂട്ടേജ് നീക്കം ചെയ്തിട്ടുള്ളതുമാണ്. കൂടാതെ മീഡിയ വൺ, 24 ന്യൂസ്, റിപ്പോർട്ടർ തുടങ്ങിയ ചാനലുകളിൽ തിരുത്തൽ വാർത്ത

പ്രക്ഷേപണം ചെയ്തിട്ടുള്ളതുമാണ്. കൂടാതെ പ്രസ്തുത പരാതി അന്വേഷണത്തിനായി ചേരാനെല്ലൂർ പോലീസ് സ്റ്റേഷനിലേക്ക് അയച്ചുകൊടുത്തതിൽ പരാതിക്കാരിക്ക് തെറ്റായ വീഡിയോ നീക്കം ചെയ്യുകയും, തിരുത്തൽ വാർത്തകൊടുക്കുന്നതും മാത്രമെ ആവശ്യമുള്ളൂ എന്നും മറ്റ് നിയമ നടപടികൾ ആവശ്യമില്ലായെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പരാതി തീർപ്പാക്കിയിട്ടുള്ളതുമാണ്.

**സെക്ഷൻ ഓഫീസർ**